**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2914** **22-01-2021 - ൽ മറുപടിയ്ക്ക്**

**ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എം . വിൻസെൻറ് | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഇ.എസ്.ഐ. ആശുപത്രികളുടെയും, ഡിസ്പെൻസറികളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഇ.എസ്.ഐ. ആശുപത്രികളുടെയും, ഡിസ്പെൻസറികളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇ.എസ്.ഐ സംവിധാനം ശാക്തീകരിക്കുന്നതിനും ഈ സർക്കാർ കൈക്കൊണ്ട നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ആശുപത്രികൾ നേരിടുന്ന പ്രധാന പ്രശ്നമായ ഡോക്ടർമാരുടെയും, പാരാമെഡിക്കൽ സ്റ്റാഫിന്റെയും ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി പി.എസ്.സി മുഖേന നിയമന ശുപാർശ നൽകുകയും ഇതിൽ 184 ഡോക്ടർമാർ വകുപ്പിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ജോലിയിൽ പ്രവേശിച്ചതിനു ശേഷം പഠനാവശ്യത്തിന് അവധി എടുത്തതിന്റെ ഭാഗമായി ഉണ്ടായ ഒഴിവുകളിലേക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. പാരാമെഡിക്കൽ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനങ്ങൾ നടത്തി വരികയും ചെയ്യുന്നു. |
| (സി) | ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട രീതിയിലുള്ള ലാബ് സംവിധാനം ലഭിക്കുന്നതിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്. ഇ.എസ്.ഐ കോർപ്പറേഷൻ 9 സ്വകാര്യ ലാബുകളുമായും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് 5 സ്വകാര്യ ലാബുകളുമായും നിലവിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് കൂടുതൽ ഇ.എസ്.ഐ. ആശുപത്രികളിൽ ആയുർവേദ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിൽ പുതുതായി ഫറോക്ക്, പാലക്കാട്, ആലപ്പുഴ ഇ.എസ്.ഐ ആശുപത്രികളിൽ ആയുർവ്വേദ ഇൻപേഷ്യന്റ് വിഭാഗം ആരംഭിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (ഇ) | ഇ.എസ്.ഐ. ആശുപത്രികളിൽ സൂപ്പർ | (ഇ) | ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് സൂപ്പർ |

| | | | |
|---|---|---|---|
| | സ്പെഷ്യാലിറ്റി ഒ.പി. വിഭാഗം തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | | സ്പെഷ്യാലിറ്റി ചികിത്സകൾ ഇ.എസ്.ഐ കോർപ്പറേഷൻ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ വഴിയാണ് നൽകി വരുന്നത്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിൽ പേരൂർക്കട, ഫറോക്ക് ഇ.എസ്.ഐ ആശുപത്രികളിൽ നിലവിൽ കീമോതെറാപ്പി യൂണിറ്റ് പ്രവർത്തിച്ച് വരുന്നു. ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റ് പ്രവർത്തനസജ്ജമായി വരുന്നു. പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിലുൾപ്പെടുത്തി വടവാതൂർ ഇ.എസ്.ഐ ആശുപത്രിയിൽ ഗ്യാസ്ട്രോ എന്ററോളജി ഒ.പി.യും പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ കാർഡിയോളജി ഒ.പി.യും തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

- ഇ.എസ്.ഐ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളിക്കും ആശ്രിതരായ കുടുംബാംഗങ്ങൾക്കും പദ്ധതിയിൽ അംഗമാകുന്ന ദിവസം മുതൽ tie-up ആശുപത്രികളിൽ Reasonable Medical Care വിഭാഗത്തിൽ ഉൾപ്പെടുത്തിയ സ്പെഷ്യാലിറ്റി ചികിത്സ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.
- കടമ്പനാട്, കുലശേഖരപുരം, വടവാതൂർ, വിളക്കുടി ഇ.എസ്.ഐ ഡിസ്പെൻസറികൾ പുതിയതായി നിർമ്മിച്ച കെട്ടിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചു.
- ഓരോ ഇ.എസ് .ഐ ആശുപത്രികളിലും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റി പുതുതായി രൂപീകരിച്ചിട്ടുണ്ട്.
- ആറ് ഇ.എസ്.ഐ ആശുപത്രികളിൽ 2019-2020 ലെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി Level – 1 ഇന്റൻസീവ് കെയർ യൂണിറ്റുകൾ (ICU) സ്ഥാപിച്ചു വരുന്നു.
- സംസ്ഥാനത്തെ 9 ഇ.എസ്.ഐ ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട് .
- ടോക്കൺ സിസ്റ്റം നിലവിലില്ലാത്ത ഇ.എസ്.ഐ ആശുപത്രികളിൽ ടോക്കൺ സിസ്റ്റം സ്ഥാപിച്ചു.
- ഫീഡിംഗ് ഡിസ്പെൻസറികളിൽ നിന്നും ആശുപത്രി ഒ.പി വിഭാഗത്തിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് 5 ദിവസത്തേക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇ.എസ്.ഐ ആശുപത്രികളിൽ ഫാർമസി ഔട്ട് ലെറ്റ് സ്ഥാപിച്ചിട്ടുണ്ട് .
- വിവിധ ആശുപത്രികളിൽ അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഓപ്പറേഷൻ ടേബിൾ ലൈറ്റ് , ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടി പാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.
- പാരിപ്പള്ളി ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ചികിത്സാ സൗകര്യം ഏർപ്പെടുത്തുകയും ഇ.എസ്.ഐ ഡിസ്പെൻസറി ആശുപത്രി കോമ്പൗണ്ടിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. മെഡിക്കൽ കോളേജിലെ 35% M.B.B.S സീറ്റുകൾ ഇ.എസ്.ഐ അർഹതയുള്ള തൊഴിലാളികളുടെ മക്കൾക്കായി നീക്കിവെച്ച് ഉത്തരവ് പുറപ്പെടുവിച്ചു.
- ഫെറോക്ക് ഇ.എസ്.ഐ ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലബോറട്ടറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- എറണാകുളം ഇ.എസ്.ഐ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്.

- റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്.
- ഇ.എസ്.ഐ കോർപ്പറേഷന്റെ റേറ്റ് കോൺട്രാക്ടിലുൾപ്പെട്ടതും എന്നാൽ മരുന്ന് കമ്പനികൾ സമയത്ത് വിതരണം നടത്താത്തതുമായ 103 ഇനം അവശ്യ മരുന്നുകൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ്, നീതി മെഡിക്കൽ സ്റ്റോർ മുതലായ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.
- സെൻട്രൽ മെഡിക്കൽ സ്റ്റോർ ആധുനിക രീതിയിൽ നവീകരിച്ചു.
- ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾക്ക് സ്പെഷ്യൽ ഇന്റന്റ് സ്വീകരിച്ച് റേറ്റ് കോൺട്രാക്ട് മുഖേനയും ക്വട്ടേഷൻ വഴിയും മരുന്നു വിതരണം ചെയ്യുന്നു.
- സ്പെഷ്യൽ ഇന്റന്റുവഴി ഇംപ്ലാന്റുകൾ, അപ്ലയൻസുകൾ എന്നിവയും വാങ്ങി വിതരണം ചെയ്യുന്നുണ്ട്.
- പത്തനംതിട്ട, കട്ടപ്പന, മുക്കം എന്നിവിടങ്ങളിൽ പുതിയ ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിച്ചു.
- ഇ.എസ്.ഐ ഡിസ്പെൻസറികളിലെ ഇൻഷ്വറൻസ് മെഡിക്കൽ ആഫീസർമാർക്ക് പാസാക്കാവുന്ന മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് തുക 2,000 രൂപയിൽ നിന്ന് 10,000 രൂപയായും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് 6,000 രൂപയിൽ നിന്ന് 25,000 രൂപയായി വർദ്ധിപ്പിച്ചും ജോയിന്റ് ഡയറക്ടർക്ക് 75,000 രൂപയായി നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിച്ചു.
- വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ ഡ്രഗ് ടെസ്റ്റിംഗ് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
- പത്തു ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.
- ഇ.എസ്.ഐ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണത്തിനു വേണ്ടി ഹരിതമിഷനുമായി ചേർന്ന് ആശുപത്രികളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു.
- പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ വഴി രോഗികൾക്ക് മികച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിന് 4 ഇ.എസ്.ഐ ആശുപത്രികളിൽ 'ഫുള്ളി ഓട്ടമേറ്റഡ് ബയോകെമിസ്ട്രി അനലൈസറുകൾ' സ്ഥാപിച്ചു.
- പേരൂർക്കട, ഫെറോക്ക് ഇ.എസ്.ഐ ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.
- ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റ്, മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് എന്നിവയുടെയും നിർമ്മാണം പുരോഗമിച്ചു വരുന്നു.
- രണ്ട് ആശുപത്രികളിൽ ഹെമറ്റോളജി അനലൈസറുകൾ സ്ഥാപിച്ചു .

- എല്ലാ ഇ.എസ്.ഐ ആശുപത്രികളിലും ഹെൽപ് ഡെസ്ക് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട് .
- ഉച്ചക്ക് ശേഷവും ലബോട്ടറി സൗകര്യം ലഭിക്കുന്നതിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് .
- 2020-2021 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ആശുപത്രികളിൽ പവർ ലോൺട്രി, സി.സി.ടി.വി, മൂന്ന് ആശുപത്രികളിൽ ഐ.സി.യു എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.
- തോട്ടട ഇ.എസ്.ഐ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നുണ്ട് .
- ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമല്ലാത്ത IVF ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി ചികിത്സ നൽകുന്നതിന് സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**